(എഫ്) എറണാകുളം ജില്ലയിലെ തൃക്കാക്കര എൻ. ജി. ഒ ക്വാർട്ടേഴ്സ് ജംഗ്ഷനിലുള്ള 50 സെന്റ് പി. ഡബ്ല്യു. ഡി. സ്ഥലം തൃക്കാക്കര ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കായി ചില വ്യവസ്ഥകൾക്കു വിധേയമായി കൈമാറാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ കെ. എസ്. ടി. പി. യുടെ ക്വാർട്ടേഴ്സിനായി പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമിയും ക്വാർട്ടേഴ്സുകളും തിരികെ നൽകുമെന്ന വ്യവസ്ഥയിൽ തൃശ്ശൂർ റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും 47 സെൻറ് സ്ഥലവും നൽകിയിട്ടുണ്ട്.

ഉദുമ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ

67 [3593] *ശ്രീ. കെ. വി. കുഞ്ഞിരാമൻ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസം മുതൽ നാളിതുവരെ പുതുതായി നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്ത പൊതുമരാമത്ത് റോഡുകളുടെയും കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡുകളെയും കെട്ടിടങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കെട്ടിട വിഭാഗത്തിൽ 11,37,786 രൂപയും റോഡു വിഭാഗത്തിൽ 676.5 ലക്ഷം രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ താഴെ പറയുന്നവയാണ്.

കെട്ടിട വിഭാഗം

1. പെരിയ ഗവൺമെന്റ് പോളിടെക്നിക് വർക്ക്ഷോപ്പ് ബിൽഡിംഗ് (100 ലക്ഷം രൂപ)-ഒന്നാം നില പൂർത്തിയായി.
2. പെരിയ പോളിടെക്നിക് ഓഡിറ്റോറിയം (75 ലക്ഷം രൂപ) അടിത്തറ പൂർത്തിയായി
3. എം. ആർ. എസ്. പരവനിടുക്കം (479 ലക്ഷം രൂപ)-കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണി ആരംഭിച്ചു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റോഡുവിഭാഗത്തിൽ കാനത്തൂർ-എരഞ്ഞിപ്പുഴ-കുറ്റിക്കോൽ റോഡു പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷം പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തലശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവർത്തികൾ

68 [3594] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബ്രിഡ്ജസ്, നാഷണൽഹൈവേ, ബിൽഡിംഗ്സ് എന്നീ വിഭാഗങ്ങളിലായി 1977 മുതൽ 2004 വരെ ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തതെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പ്രവർത്തികൾക്ക് ഓരോന്നിനും വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവർത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1997 മുതൽ 2004 വരെയുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. 1977 മുതൽ 97 വരെയുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

1997—ഇല്ല.

1998—മാമക്കുന്ന് പാലം നിർമ്മാണം.

1999—ഇല്ല.

2000—(1) മേലൂർക്കടവ് പാലം.

(2) ചെക്കിക്കുനിപ്പാലം.

2001—ഇല്ല.

2002—കുയ്യാലി-കോലാശ്ശേരി റോഡ്.

2003—തലശ്ശേരി-കോടിയേരി റോഡ്.
അഭിവൃദ്ധിപ്പെടുത്തൽ—മാഹിപ്പാലം—എം. എം. ഹൈസ്കൂൾ റോഡ് അഭിവൃദ്ധിപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly